പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: * 259

21/06/2012-ൽ മറുപടി
നല്കേണ്ടത്

മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ സർവ്വകക്ഷിയോഗം ചേർന്നതിന്റെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു ; ഈ തീരുമാനങ്ങൾ എല്ലാം നടപ്പാക്കുകയുണ്ടായോ ; | (എ) ഈ സർക്കാർ അധികാരമേറ്റെടുത്ത ഉടൻ ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു സർവ്വകക്ഷി യോഗം ചേരുകയും, ടി യോഗത്തിൽ മൂന്നാറിലെ എല്ലാ അനധികൃത കൈയേറ്റങ്ങളും കണ്ടെത്തി സ്വമേധയാ ഒഴിഞ്ഞ് പോകുന്നതിന് 15 ദിവസത്തെ നോട്ടീസ് നല്കുവാൻ തീരുമാനിച്ചു. തുടർന്ന് കൈയേറ്റം ഒഴിപ്പിച്ച് ഏറ്റെടുക്കുന്ന ഭൂമികൾക്ക് ചുറ്റും ജണ്ട ഇട്ട് സംരക്ഷിക്കുന്നതിന് 'സർക്കാർ ഭൂമി' എന്ന ബോർഡ് സ്ഥാപിക്കുവാനും തീരുമാനിച്ചിരുന്നു. കൂടാതെ ഒരു പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിനെ (PLPF) സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനായി രൂപീകരിക്കുവാൻ തീരുമാനിക്കുകയും ആദ്യ ഘട്ടമായി 15 വിമുക്ത ഭടന്മാർ അടങ്ങിയ ഒരു സേനയെ ദേവികുളം ആസ്ഥാനമാക്കി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ടി സേനയിലെ 5 പേരെ വീതം ദേവികുളം, ഉടുമ്പൻചോല, പീരുമേട് എന്നീ താലൂക്കുകളിലായി നിയമിച്ചിട്ടുണ്ട്. നിലവിൽ കൈയേറ്റങ്ങൾ കണ്ടെത്തിയാൽ ഉടൻ ഇവരുടെ സേവനം ഉപയോഗപ്പെടുത്തി ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു. ദേവികുളം താലൂക്കിൽ 426.80 ഏക്കർ ഭൂമിയിലെ കൈയേറ്റം ഒഴിപ്പിച്ച് സർക്കാർ അധീനതയിൽ ഏറ്റെടുത്ത് കേരളാ സർക്കാർ വക ഭൂമി എന്ന ബോർഡ് സ്ഥാപിച്ചു. ടി ഭൂമികൾക്ക് ചുറ്റും ജണ്ട സ്ഥാപിക്കുന്ന ആവശ്യത്തിലേയ്ക്ക് 862 ജണ്ടകൾ PWD മുഖാന്തിരം നിർമ്മിച്ചിട്ടുള്ളതും അവ ദേവികുളം ഹൈസ്കൂൾഗ്രൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്. ഇവയിൽ 8 എണ്ണം ഉടുമ്പൻചോല താലൂക്കിന് നല്കുകയും അവ |

ചിന്നക്കനാലിലെ ഒഴിപ്പിച്ചെടുത്ത വിവിധ ഭൂമികളിൽ സ്ഥാപിച്ചിട്ടുള്ളതുമാണ്. സർക്കാർ വക ഭൂമിയിൽ സ്ഥാപിക്കുന്നതിന് നിർമ്മിച്ചിട്ടുള്ള ടി ജണ്ടയ്ക്ക് ഒന്നിന് ഉദ്ദേശം 800 കിലോഗ്രാം ഭാരം വരുന്നതിനാൽ ജില്ലയിൽ വിവിധ സ്ഥലങ്ങളിൽ എത്തിക്കുന്നതിന് JCB പോലുള്ള വാഹനങ്ങളുടെ സേവനം ആവശ്യമായി വരുന്നതിനാൽ അവ സ്ഥാപിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്.

കൈയേറ്റക്കാർക്ക് നോട്ടീസ് സമയപരിധി തീർന്ന മുറയ്ക്ക് 11/07/2011 മുതൽ ഒഴിപ്പിക്കൽ നടപടി ആരംഭിച്ചിട്ടുള്ളതുമാണ്. അപ്രകാരം ഈ ജില്ലയിൽ അനധികൃത കൈയേറ്റം ഒഴിപ്പിച്ച് ഒട്ടാകെ 1931.95 ഏക്കർ ഭൂമി സർക്കാർ അധീനതയിൽ ഏറ്റെടുത്തിട്ടുണ്ട്.

തൊടുപുഴ താലൂക്ക് - 5.1 ഏക്കർ - 2.06 ഹെക്ടർ

ഉടുമ്പൻചോല താലൂക്ക് - 556.38 ഏക്കർ - 225.16 ഹെക്ടർ

പീരുമേട് താലൂക്ക് - 943.67ഏക്കർ - 381.9 ഹെക്ടർ

ദേവികുളം താലൂക്ക് - 426.80 ഏക്കർ - 172.72 ഹെക്ടർ

- 1931.95 ഏക്കർ - 781.84 ഹെക്ടർ

മേൽ പ്രസ്താവിച്ചവയിൽ ദേവികുളം താലൂക്കിൽ മൂന്നാർ ഉൾപ്പെടുന്ന കെ.ഡി.എച്ച് വില്ലേജുകളിൽ മാത്രം 8 കേസുകളിലായി 198.24 ഏക്കറും ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലജിൽ മാത്രം 14 കേസുകളിലായി 485.38 ഏക്കറും, പീരുമേട് താലൂക്കിലെ വാഗമൺ വില്ലേജിൽ മാത്രമായി 25 കേസുകളിലായി 760.3 ഏക്കറും ഒഴിപ്പിച്ച് സർക്കാർ ഏറ്റെടുത്തതിൽ ഉൾപ്പെടുന്നു.

ഒഴിപ്പിക്കൽ നടപടികൾ തുടർന്ന് വരുന്നതിനൊപ്പം ഒഴിപ്പിച്ചെടുത്ത ഭൂമിയിൽ വീണ്ടും കൈയേറ്റം ഉണ്ടാവാതിരിക്കുവാൻ 'സർക്കാർ വക ഭൂമി' എന്ന ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതും ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർ, സെക്ടർ ഓഫീസർമാർ, ഡെപ്യൂട്ടി തഹസീൽദാർമാർ എന്നിവരെ ചാർജ്ജ് ഓഫീസർമാരായി ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ഒഴിപ്പിക്കൽ നടപടികൾ ആരംഭിച്ചതിനുശേഷം അനധികൃത കൈയേറ്റക്കാർക്കെതിരെ

ഇടുക്കി ജില്ലയിൽ 67 എൽ.സി. കേസുകൾ ബുക്ക് ചെയ്തിട്ടുള്ളതും 11 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് റിപ്പോർട്ട് ചെയ്തിട്ടുള്ളതും രണ്ട് ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തതായി സബ് ഇൻസ്പെക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. റിപ്പോർട്ട് ചെയ്യപ്പെടുന്ന മുഴുവൻ കേസുകളിലും സബ് ഇൻസ്പെക്ടർമാർ 2009 ലെ KLC ഭേദഗതി നിയമം വകുപ്പ് 7 ഉം ഉപവകുപ്പുകളും പ്രകാരം ശക്തമായ നടപടി സ്വീകരിക്കുവാൻ വിമുഖത കാട്ടുന്നത് മൂലം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള മുഴുവൻ കേസുകളിലും ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല.

മുൻ സർക്കാരിന്റെ കാലത്ത് കൈയേറ്റം ഒഴിപ്പിച്ച് ദേവികുളം താലൂക്കിലെ KDH വില്ലേജിലെ പാർവ്വതി മലയിൽ സർവെ നമ്പർ 68/9,10 യിൽപ്പെട്ട 40.05 ഏക്കറും, പള്ളിവാസൽ വില്ലേജിലും പുലിപ്പാറയിൽ സർവെ നമ്പർ 177/1ൽപ്പെട്ട 35 ഏക്കറും വീണ്ടും കൈയേറ്റമുണ്ടായതിനെ തുടർന്ന് ഈ ഗവൺമെന്റിന്റെ കാലത്ത് ഒഴിപ്പിക്കൽ നടപടികളുടെ ഭാഗമായി ഒഴിപ്പിച്ച് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 6 ൽ റീസർവെ 1ൽപ്പെട്ട 250 ഏക്കറും ചിന്നക്കനാൽ പഴയ സർവെ നമ്പർ 495, 532, 540, 547 എന്നിവയിൽപ്പെട്ട 70 ഏക്കറും ചിന്നക്കനാൽ വില്ലേജിലെ 130/1, 130/2, 87/1 എന്നിവയിൽപ്പെട്ട 2.80 ഏക്കറും വീണ്ടും കൈയേറ്റം കണ്ടെത്തിയതിനെ തുടർന്ന് ഒഴിപ്പിച്ചെടുത്തിട്ടുണ്ട്.

(ബി) നിലവിൽ മൂന്നാറിൽ എത്ര ഹെക്ടർ ഭൂമിയുടെ കയ്യേറ്റങ്ങൾ ഇനിയും ഒഴിപ്പിക്കേണ്ടതുണ്ട്;

(ബി) നിലവിൽ മൂന്നാർ പ്രദേശത്ത് ദേവികുളം താലൂക്കിലെ ആനവിരട്ടി, പള്ളിവാസൽ, KDH വില്ലേജിൽ 35 ഹെക്ടർ സ്ഥലത്തേയും ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിൽ 5.17.68 ഹെക്ടർ സ്ഥലത്തേയും കൈയേറ്റ ഭൂമി ഇനിയും ഒഴിപ്പിക്കുവാനുണ്ട്. പീരുമേട് താലൂക്കിൽ വാഗമൺ വില്ലേജിൽ 158.52.04 ഹെക്ടർ സ്ഥലത്തെ അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കുവാനുണ്ട്. ടി കേസുകളിൽ KLC ആക്ട് പ്രകാരം നിയമപരമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ടു ചെയ്യപ്പെട്ട കയ്യേറ്റങ്ങൾ ഏതൊക്കെയാണ് എന്നറിയിക്കുമോ ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃത കൈയേറ്റം റിപ്പോർട്ട് ചെയ്യപ്പെട്ടതും ഒഴിപ്പിച്ച് ഏറ്റെടുത്തതുമായ ഭൂമിയുടെ വിശദവിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ